രിക്കും.[1]

## അൽഇഖ്ലാസ്
(നിഷ്കളങ്കത)

سُورَةُ الإِخْلَاصِ

### അദ്ധ്യായം - 112

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

1. (നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു.

قُلۡ هُوَ ٱللَّهُ أَحَدٌ ١

2. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു.

ٱللَّهُ ٱلصَّمَدُ ٢

3. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല.

لَمۡ يَلِدۡ وَلَمۡ يُولَدۡ ٣

4. അവന്നു തുല്യനായി ആരും ഇല്ലതാനും.

وَلَمۡ يَكُن لَّهُۥ كُفُوًا أَحَدُۢ ٤

## അൽഫലഖ്
(പുലരി)

سُورَةُ الفَلَقِ

### അദ്ധ്യായം - 113

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

1. പറയുക: പുലരിയുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു.

قُلۡ أَعُوذُ بِرَبِّ ٱلۡفَلَقِ ١

2–5. അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽ നിന്നും, ഇരുളടയുമ്പോഴുള്ള രാത്രിയുടെ കെടുതിയിൽ

مِن شَرِّ مَا خَلَقَ ٢
وَمِن شَرِّ غَاسِقٍ إِذَا وَقَبَ ٣

---

[1] വിറകു ചുമട്ടുകാരിയെന്നത് ഏഷണിക്കാരി എന്ന അർഥത്തിലുള്ള അലങ്കാര പ്രയോഗമാണെന്നാണ് ചില വ്യാഖ്യാതാക്കൾ പറഞ്ഞിട്ടുള്ളത്. നബി(ﷺ) നടക്കുന്ന വഴിയിൽ അവൾ മുള്ളുകൾ കൊണ്ടു വന്നിട്ടിരുന്നതു കൊണ്ടാണ് അവളെ അങ്ങനെ വിശേഷിപ്പിച്ചതെന്നാണ് മറ്റൊരഭിപ്രായം. അവളുടെ കഴുത്തിൽ കയറുണ്ടായിരിക്കുമെന്ന് പറഞ്ഞത് മുള്ളുകെട്ട് കൊണ്ട് വരാൻ വേണ്ടി കയറും കഴുത്തിലിട്ട് നടക്കുകയാണവൾ എന്ന അർഥത്തിലായിരിക്കാം. നരകത്തിലവൾക്ക് ലഭിക്കാൻ പോകുന്ന ശിക്ഷയാണ് അതു കൊണ്ടുദ്ദേശ്യമെന്നാണ് ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം.

وَمِن شَرِّ ٱلنَّفَّٰثَٰتِ فِى ٱلْعُقَدِ ④
وَمِن شَرِّ حَاسِدٍ إِذَا حَسَدَ ⑤

നിന്നും, കെട്ടുകളിൽ ഊതുന്ന (മാരണക്കാരികളായ) സ്ത്രീകളുടെ കെടുതിയിൽ നിന്നും, അസൂയാലു അസൂയപ്പെടുമ്പോൾ അവൻെറ കെടുതിയിൽ നിന്നും.

## سُورَةُ ٱلنَّاسِ

## അന്നാസ്
(ജനങ്ങൾ)

അദ്ധ്യായം - 114

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

قُلْ أَعُوذُ بِرَبِّ ٱلنَّاسِ ①
مَلِكِ ٱلنَّاسِ ② إِلَٰهِ ٱلنَّاسِ ③

1–3. പറയുക: മനുഷ്യരുടെ രക്ഷിതാവും, മനുഷ്യരുടെ രാജാവും, മനുഷ്യരുടെ ആരാധ്യനുമായിട്ടുള്ളവനോട് ഞാൻ ശരണം തേടുന്നു;

مِن شَرِّ ٱلْوَسْوَاسِ ٱلْخَنَّاسِ ④
ٱلَّذِى يُوَسْوِسُ فِى صُدُورِ
ٱلنَّاسِ ⑤ مِنَ ٱلْجِنَّةِ وَٱلنَّاسِ ⑥

4–6. മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബോധനം നടത്തി പിൻമാറിക്കളയുന്ന, മനുഷ്യരിലും ജിന്നുകളിലുംപെട്ട ദുർബോധകരെക്കൊണ്ടുള്ള കെടുതിയിൽ നിന്ന്.